(എ) കേരളത്തിലെ സിനിമാശാലകളിലെ തൊഴിലാളികളുടെ മിനിമം വേജസ് കമ്മിറ്റി, തൊഴിലാളികളുടെ വേതനം സംബന്ധിച്ച് ഗവൺമെന്റിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; അംഗീകരിച്ചിട്ടുണ്ടെങ്കിൽ വേതന പരിഷ്കരണം എന്നു മുതൽ പ്രാബല്യത്തിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത്;

(സി) മിനിമം വേജസ് കമ്മിറ്റി റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്

(ബി)&(സി) റിപ്പോർട്ട് സർക്കാരിന്റെ പരിശോധനയിലാണ്. പരിഷ്കരണത്തിന് ഗസറ്റിലെ നോട്ടിഫിക്കേഷൻ തീയതി മുതൽ പ്രാബല്യമുണ്ടാകുന്നതാണ്.

41 (1878) കേരള ബീഡിത്തൊഴിലാളി ക്ഷേമനിധി ബോർഡ്

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബീഡിത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഇതുവരെ എത്ര തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) മംഗലാപുരം കേന്ദ്രമായി പ്രവർത്തിക്കുന്ന ബീഡി മുതലാളിമാരുടെ കീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾ പ്രസ്തുത പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്രപേർ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത തൊഴിലാളികളെ രജിസ്റ്റർ ചെയ്യിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)(ബി),(സി)&(ഡി) 15.3.1999 ൽ ആണ് ബീഡിത്തൊഴിലാളി ക്ഷേമനിധിബോർഡ് രൂപീകരിച്ചത്. ചീഫ് ഓഫീസിന്റെയും, ക്ഷേമനിധിയുടേയും ഉദ്ഘാടനം ഈ മാസം 5-ാം തീയതി ആയിരുന്നു. തൊഴിലാളികളുടെ രജിസ്ട്രേഷനുൾപ്പെടെയുള്ള കാര്യങ്ങളുടെ നടപടികൾ ആരംഭിച്ചിട്ടേയുള്ളൂ. മംഗലാപുരത്തുള്ള ഫാക്ടറി, ബീഡി മുതലാളിമാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ കേരള ബീഡി ആന്റ് സിഗാർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ആക്ടിന്റെ പരിധിയിൽ വരുന്നില്ല. ആയതിനാൽ അവരുടെ രജിസ്ട്രേഷന് സാധ്യതയില്ല.

42 (1879) കർഷകത്തൊഴിലാളികൾക്ക് ബോണസ് നൽകുവാനുള്ള പദ്ധതി

ശ്രീമതി റോസമ്മ ചാക്കോ:

LIBRARY ARCHIVES Kerala Legislative Assembly